<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 607</u> <u>23-07-2021 - ൽ മറുപടിയ്ക്ക്</u>

<u>യുവജന ക്ഷേമത്തിനും ഉന്നമനത്തിനുമായി നൂതന പദ്ധതികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് യുവജന ക്ഷേമത്തിനും ഉന്നമനത്തിനുമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | യുവാക്കളെ കാർഷിക രംഗത്തേക്ക് ആകർഷിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുമായി ഒരു ജില്ലയിൽ 10 കാർഷിക ക്ലബ്ബ് വീതം യുവജനക്ഷേമ ബോർഡ് നേരിട്ട് രൂപീകരിച്ചിട്ടുണ്ട്. ഈ ക്ലബ്ബുകൾക്ക് കാർഷിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനായി വിവിധ പദ്ധതികൾ തയ്യാറാക്കുകയും ആയത് നടപ്പാക്കുന്നതിനായി സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നു. യുവതീ ശാക്തീകരണത്തിന്റെ ഭാഗമായി ഒരു പഞ്ചായത്ത്/മുനിസിപ്പാലിറ്റിയിൽ ഒന്ന്, കോർപ്പറേഷനിൽ രണ്ട് എന്നിങ്ങനെ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും യുവജനക്ഷേമ ബോർഡ് നേരിട്ട് യുവതീ ക്ലബ്ബുകൾ രൂപീകരിക്കുന്നു. യുവതീ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നുണ്ട്. കൂടാതെ ഈ ക്ലബ്ബുകളുടെ പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. ഒരു ജില്ലയിൽ ഒരു ക്ലബ്ബ് എന്ന രീതിയിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി യുവജനക്ഷേമ ബോർഡ് നേരിട്ട് ക്ലബ്ബുകൾ രൂപീകരിക്കുകയും ആയതിന്റെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുകയും ഈ ക്ലബ്ബുകളുടെ പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നു. ട്രാൻസ് ജെൻഡർ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി ഒരു ജില്ലയിൽ ഒരു ട്രാൻസ് ജെൻഡർ ക്ലബ്ബ് എന്ന നിലയിൽ ക്ലബ്ബുകൾ രൂപീകരിക്കുകയും ആയതിന്റെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുകയും ഈ ക്ലബ്ബുകളുടെ പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നു. കേരള സംസ്ഥാന യുവജന കമ്മീഷൻ സംസ്ഥാനത്ത് വിവിധ നൂതന |

| | | | |
|---|---|---|---|
| | | | പദ്ധതികൾ നടപ്പിലാക്കി വരുന്നു. വെർച്ചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന യുവജനങ്ങൾക്ക് തൊഴിൽ സാധ്യത കണ്ടെത്തുന്ന പദ്ധതി, യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ മുഖേന സൗജന്യമായി നിയമ സഹായം നൽകുന്ന പദ്ധതി, ഉന്നത വിദ്യാഭ്യാസമുള്ള വീട്ടമ്മമാർക്ക് പ്രത്യേക പരിഗണന നൽകുന്നതിനുള്ള പദ്ധതികൾ എന്നിവ ആവിഷ്കരിച്ച് വരുന്നു. യുവ കർഷകർക്ക് പ്രോത്സാഹനം നൽകുന്നതിനായി യുവ കർഷക സംഗമങ്ങളും ഗ്രീൻ സോൺ തുടങ്ങിയ പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (ബി) | 2016 മുതൽ മലപ്പുറം ജില്ലയിൽ യുവജന ക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | 2016 മുതൽ മലപ്പുറം ജില്ലയിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സിവിൽ സർവ്വീസ് ഓറിയന്റേഷൻ ക്ലാസ്സ്, യുവജനദിനാഘോഷം, വനിതാശില്പശാല, പരിസ്ഥിതി ദിനാചരണം, ലോക കപ്പ്ഫുട്ബോൾ ക്വിസ്സ്, പി.എസ്.സി പരീക്ഷാ പരിശീലനങ്ങൾ, ജില്ലാതല മാധ്യമ സെമിനാർ, ജില്ലാതല നാടൻപാട്ട് മത്സരം, നവോത്ഥാന സദസ്സ്, ഗാന്ധിജയന്തി ദിനാചരണം, ജില്ലാതല തിയേറ്റർ ഫെസ്റ്റിവൽ, കെ.എ.എസ് മത്സര പരീക്ഷാ പരിശീലനം, മരുന്നുവണ്ടി, കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾ, വനിതാ സൈക്കിൾ ക്ലബ്ബ്, കരിയർ ഗൈഡൻസ്, പെൺകുട്ടികൾക്ക് സൈബർ അവയർനെസ്സ് ക്ലാസ്സ്, സ്പീക്ക് യംഗ് തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി. |
| (സി) | പിന്നാക്ക, ന്യൂനപക്ഷ, തീരദേശ മേഖലകളിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | പിന്നാക്ക, ന്യൂനപക്ഷ, തീരദേശ മേഖലകളിലെ യുവജനങ്ങളുടെ ശാക്തീകരണത്തിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവാക്ലബ്ബുകൾ രൂപീകരിച്ച് വിവിധ ക്ഷേമ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതുവരെ ബോർഡിനു കീഴിൽ ഏകദേശം 1250 ഓളം യുവാ ക്ലബ്ബുകൾ സംസ്ഥാനത്തൊട്ടാകെ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ